This Question Paper consists of 30 questions and 6 printed pages.
ഈ ചോദ്യപേപ്പറിൽ 30 ചോദ്യങ്ങളും, 6 അച്ചടിച്ച പുറങ്ങളും ഉണ്ട്.

| Roll No. റോൾ നമ്പർ | | | | | | | | | | | | | Code No. കോഡ് നമ്പർ **51/S/O/MM** |
|---|---|---|---|---|---|---|---|---|---|---|---|---|---|

**Set A**

# MALAYALAM

# മലയാളം

# (232)

Day and Date of Examination ____________________
(പരീക്ഷാ ദിവസവും തീയതിയും)

Signature of Invigilators 1. ____________________
(മേൽനോട്ടക്കാരന്റെ ഒപ്പ്)

2. ____________________

---

**പൊതുവായ നിർദ്ദേശങ്ങൾ :**

1. പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.
2. ആദ്യപേജിൽ പ്രിന്റുചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിന്റുചെയ്തിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.
3. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് **(A), (B), (C), (D)** എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് ഉത്തരപുസ്തകത്തിൽ എഴുതേണ്ടതാണ്.
4. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.
5. ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
6. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **51/S/O/MM** എഴുതേണ്ടതാണ്.

# MALAYALAM

# മലയാളം

# (232)

സമയം : **3** മണിക്കൂർ | മാർക്ക് : **100**

നിർദ്ദേശങ്ങൾ :

(i) എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

(ii) ഒന്നു മുതൽ പതിനൊന്നു വരെ ചോദ്യങ്ങൾക്ക് (A), (B), (C), (D) എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതിയാൽ മതിയാകും.

**1.** ഓണക്കാലത്ത് മുറ്റത്ത് ചന്തം വരുത്തുന്നത് എന്തിനാണ് ? **11x1=11**

(A) പന്തലിടാൻ

(B) നെല്ലുണക്കാൻ

(C) പന്തുകളിക്കാൻ

(D) മഹാബലിയെ സ്വീകരിക്കാൻ

**2.** ഗോപസ്ത്രീകൾ കണ്ണുനീരിൽ കുളിക്കാൻ കാരണമെന്ത് ?

(A) നടന്നു തളർന്നതുകൊണ്ട്

(B) കൃഷ്ണൻ ഉപേക്ഷിച്ചു പോയതുകൊണ്ട്

(C) കൃഷ്ണനെ അന്വേഷിച്ചിട്ടു കാണാത്തതു കൊണ്ട്

(D) ചോദിച്ചവരാരും കൃഷ്ണനെ കണ്ടതായി പറയാത്തതു കൊണ്ട്

**3.** 'വാരിയത്തൂട്ടിയേറെ' എന്നതിനർത്ഥം എന്ത് ?

(A) ഏറെ ഭക്ഷിച്ചു

(B) ഏറെ സ്വത്തുണ്ടാക്കി

(C) ഏറെ അറിവുൾക്കൊണ്ടു

(D) വാരിയത്തു നിന്നു ഏറെ ഭക്ഷിച്ചു

4. മനുഷ്യർ തമ്മിലുള്ള പ്രാഥമിക ബന്ധം ആരംഭിക്കുന്നതെങ്ങനെയെന്നാണ് ലേഖകന്റെ അഭിപ്രായം ?

(A) വ്യക്തികൾ കാണുമ്പോൾ (B) കുടുംബത്തിൽ നിന്ന്

(C) സ്ത്രീപുരുഷ ബന്ധത്തിൽ നിന്ന് (D) സംഭാഷണത്തിൽ നിന്ന്

5. നാരായണഗുരുവിന്റെ സന്ദേശത്തിൽ നിത്യജീവിതത്തിൽ ഏറ്റവും പ്രസക്തമായത് ഏത് ?

(A) മദ്യം വിഷമാണ്, അതുണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത്

(B) മതമേതായാലും മനുഷ്യൻ നന്നായാൽ മതി

(C) ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്

(D) മനുഷ്യനു വേണ്ടത് ഏകമതമാണ്

6. മനുഷ്യവർഗത്തിൽ ഏറ്റവും പഴയ കണ്ണി ഏത് ?

(A) നിയാണ്ടർതാൽ മനുഷ്യർ (B) കലഹാരി മനുഷ്യർ

(C) ജാവാ മനുഷ്യർ (D) പെക്കിംഗ് മനുഷ്യർ

7. ബാലിദ്വീപിൽ താഴെപ്പറയുന്നവയിൽ ഏതാണ് കേരളത്തിലേതിൽ നിന്നും വ്യത്യസ്തമായത് ?

(A) ചുറ്റമ്പലങ്ങൾ (B) മഴ

(C) ചൂട്ട് (D) മതിലുകൾ

8. 'ആലസ്യത്തിനു നിവാപാംബു നല്കുവിൻ' എന്ന പ്രയോഗം കൊണ്ട് കവി ഉദ്ദേശിക്കുന്നതെന്ത് ?

(A) ആലസ്യത്തെ നശിപ്പിക്കുക

(B) ആലസ്യത്തെ മാറ്റി നിർത്തുക

(C) ആലസ്യത്തെ ഈ ലോകത്തുനിന്ന് ഒഴിവാക്കുക

(D) ആലസ്യത്തെ വെള്ളം കുടിപ്പിക്കുക

9. 'അനുഭവങ്ങളുടെ കലവറ' എന്ന് വളർത്തു മൃഗങ്ങൾ എന്ന കഥയിൽ വിശേഷിപ്പിച്ചിട്ടുള്ളത് ആരെയാണ് ?

(A) ജാനമ്മയെ (B) മാധവിയെ (C) അമ്മയെ (D) ലക്ഷ്മിയെ

10. 'തൻ മക്കൾ തങ്ങളിൽ കൊന്നു കളിച്ചതിൽ
തൻമനം നീറിപ്പുകഞ്ഞുകത്തുന്നവൾ' -എന്ന വിശേഷണം ആർക്കാണ് ചേരുക ?

(A) അമ്മ (B) പതി (C) ഭൂമി (D) ശക്തി

11. താഴെക്കൊടുത്തിരിക്കുന്നതിൽ വ്യത്യസ്തത പുലർത്തുന്നത് ഏത് ?

(A) നടപ്പുള്ള – നടപ്പ് + ഉള്ള (B) ഒഴിവാക്കി – ഒഴി + വാക്കി
(C) ഒന്നാണ് – ഒന്ന് + ആണ് (D) പാവക്കൂത്ത് – പാവ + കൂത്ത്

12. അർത്ഥമെഴുതി സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക. 2+2=4

(i) കോപ്പു കൂട്ടുക (ii) പേക്കിനാവ്

13. പുരാതന മധ്യകാലങ്ങളിൽ രാഷ്ട്രത്തെക്കുറിച്ചുള്ള സങ്കല്പം എന്തായിരുന്നു ? 2

14. 'നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ' - ഇതിലെ അലങ്കാരം ഏത് ? 2

15. 'ഗാനം പോൽ ഗുണകാവ്യം പോൽ' എന്ന വരിയിലൂടെ കവി എന്താണ് സൂചിപ്പിക്കുന്നത് ? 2

16. കേരളത്തിൽ സുന്ദരകലകൾ എത്ര വിധമുണ്ട് ? ഏതെല്ലാം ? 3

17. മരം ഏതുവിധമാണ് വൃദ്ധന്മാരെ സഹായിക്കുന്നത് ? 3

18. 'നെയ്പ്പായസം' എന്ന കഥയിലെ മേലുദ്യോഗസ്ഥന്റെ പെരുമാറ്റത്തിലെ പൊള്ളത്തരം എന്ത് ? 3

19. വാസവദത്തയെ കവി അവതരിപ്പിച്ചിരിക്കുന്ന രീതി സ്വന്തം വാക്യത്തിലെഴുതുക. 3

20. 'കച്ചട്ടിസ്വാമിയാരുടെ കഥ' എന്ന ലേഖനത്തിൽ സഞ്ജയൻ പരോക്ഷമായി ആരെയെല്ലാം പരിഹസിക്കുന്നുണ്ട് ? 3

21. മുതിർന്ന ശ്രോതാക്കളിൽ കാണുന്ന ദോഷങ്ങൾ എന്തെല്ലാമാണെന്നാണ് ലേഖകന്റെ അഭിപ്രായം ? 4

22. ഇന്ത്യയുടെ ഏകത്വത്തിന്റെ സവിശേഷതകൾ എന്തെല്ലാം ? 4

23. പുസ്തകവായനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ ? 4

24. പട്ടികയും ചാർട്ടും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം ? 5

25. ആശയം വികസിപ്പിച്ച് ഒരു ഖണ്ഡിക എഴുതുക. 5

'വിദ്യാധനം സർവധനാൽ പ്രധാനം'

26. കൂത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക. 5

27. 'രാവണൻ പിടിച്ച പുലിവാല്' എന്ന തലക്കെട്ട് ആ കവിതാ ഭാഗത്തിന് എത്രമാത്രം അനുയോജ്യമാണ് ? 5

28. താഴെക്കൊടുത്തിരിക്കുന്ന പദ്യഭാഗത്തിന് ഒരു പരാവർത്തനം തയ്യാറാക്കുക. 10

കുഞ്ഞിയുറുമ്പുണ്ടൊരാനത്തലയോള-

മാനത്തലയപ്പോളെത്രത്തോളം ?

ആനത്തലയൊരുകുന്നോളം, എന്നാകി-

ലാനയോ ? ആനയിബ്ഭൂമിയോളം

ആനയിബ്ഭൂമിയോളം പോരുമെന്നാകിൽ

ഭൂമിയോ ? ഭൂമിയക്കുഞ്ഞിയുറുമ്പിന്റെ കണ്ണിനോളം

29. താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് മൂന്നിലൊന്നായി സംഗ്രഹിക്കുക. **10**

സാഹിത്യത്തിന് വാമൊഴിയെന്നും വരമൊഴിയെന്നും രണ്ടു വിഭാഗമുണ്ട്. ഇവയിൽ ആദ്യത്തേതിൽ നിന്നാണ് ഐതിഹ്യങ്ങളുടെ ഉൽപ്പത്തി. ഏറെക്കാലം വാമൊഴിയായി പ്രചരിച്ചതിനുശേഷം ഐതിഹ്യങ്ങളിൽ പലതും വരമൊഴിയിലേക്ക് സംക്രമിച്ചെന്നും വരാം. ഐതിഹ്യങ്ങൾക്ക് മനുഷ്യസമുദായത്തോളം തന്നെ പഴക്കമുണ്ട്. വരമൊഴി നടപ്പിലാകുന്നതിനു മുമ്പേ മനുഷ്യവർഗങ്ങളുടെ ഇടയിൽ അവരുടെ ദേശ ചരിത്രത്തെയും ജീവിത സംമ്പ്രദായങ്ങളെയും സംബന്ധിച്ച് പലകഥകളും പ്രചരിച്ചിരുന്നു. ഓരോ തലമുറ വഴിക്കു പറഞ്ഞുകേട്ട് ജനമധ്യത്തിൽ സ്ഥിര പ്രതിഷ്ഠ നേടിയ ഇത്തരം കഥകളാണ് ഒടുവിൽ ഐതിഹ്യങ്ങളായി പരിണമിച്ചത്. പൂർവികരുടെ ജീവിതരീതിയും ആദർശങ്ങളും അപദാനങ്ങളും അവർക്കുണ്ടായിട്ടുള്ള ജയാപജയങ്ങളും അന്നത്തെ ദേശകാലസ്ഥിതികളും മറ്റു പലതും അവയിൽ പ്രതിഫലിച്ചിട്ടുണ്ടാകും. ഐതിഹ്യങ്ങൾ പരിശോധിക്കുമ്പോൾ അവയിൽ വാസ്തവം, കലസ്പിതം എന്ന രണ്ടംശങ്ങൾ ഉള്ളതായി കാണാം. ഇവയിൽ വാസ്തവികാംശം ഏറെക്കുറഞ്ഞും കല്പിതാംശം വളരെക്കൂടിയുമാണ് ഐതിഹ്യങ്ങൾ സാധാരണ കണ്ടുവരുന്നത്.

30. താഴെക്കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. **12**

(i) സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ

(ii) വിദ്യാഭ്യാസവും കുട്ടികളും അവകാശങ്ങളും

(iii) യുവാക്കളും തൊഴിലില്ലായ്മയും

- o O o -